പത്രക്കുറിപ്പ്
09-01-2018

# കേരള ചിക്കൻ: കേരളമാകെ 271 കോഴി വളർത്തൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം: സംസ്ഥാന മൃഗസംരക്ഷണ വകുപ്പും പോൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായും (കെപ്കോ) സഹകരിച്ച് കുടുംബശ്രീ നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കേരളമാകെ 271 യൂണിറ്റുകളിൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തി തുടങ്ങി. പദ്ധതിയുടെ ഭാഗമായുള്ള ആദ്യ യൂണിറ്റുകൾ തിരുവനന്തപുരം ജില്ലയിൽ ഡിസംബർ 22നാണ് ആരംഭിച്ചത്. എറണാകുളം (70) ജില്ലയിലാണ് ഏറ്റവും കൂടുതൽ യൂണിറ്റുകളുള്ളത്. കാസർഗോഡ് ജില്ലയിൽ 42 യൂണിറ്റുകളുമുണ്ട്. കേരളമാകെ ബ്രോയിലർ ചിക്കൻ വളർത്തുന്ന ഇത്തരത്തിലുള്ള 5000 യൂണിറ്റുകൾ തുടങ്ങാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

ഓരോ യൂണിറ്റിലും ഏറ്റവും കുറഞ്ഞത് 1000 കോഴിക്കുഞ്ഞുങ്ങളെയാണ് വളർത്തുന്നത്. 42 മുതൽ 45 ദിവസം വരെ പ്രായമാകുമ്പോൾ ചിക്കൻ വിപണനത്തിന് തയാറാകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കോഴിക്കുഞ്ഞുങ്ങളെ നൽകുന്നത് കെപ്കോയാണ്. ഈ ജില്ലകളിൽ ഒരു കുഞ്ഞിന് 40 രൂപ എന്ന നിരക്കിലാണ് കെപ്കോ യൂണിറ്റുകൾക്ക് നൽകുന്നത്. 2 കിലോ തൂക്കമുള്ള പൂർണ്ണവളർച്ചയെത്തിയ കോഴിയെ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരികെയെടുക്കും.

കേരളത്തിലെ ജനങ്ങൾക്ക് ഗുണനിലവാരമുള്ള ബ്രോയിലർ ചിക്കൻ ലഭ്യമാക്കുക ലക്ഷ്യമിട്ടാണ് കേരള ചിക്കൻ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി വഴി വളർത്തുന്ന ബ്രോയിലർ ചിക്കനിൽ ആന്റി ബയോട്ടിക് പോലുള്ള ഹാനികരമായ പദാർത്ഥങ്ങളില്ലെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനുള്ള പ്രവർത്തനങ്ങൾ ഭാവിയിൽ മൃഗസംരക്ഷണ വകുപ്പ് കൈക്കൊള്ളും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളൊഴികെയുള്ള ജില്ലകളിൽ കേരള ചിക്കൻ വിപണനത്തിന് വേണ്ടി പ്രത്യേക മീറ്റ് യൂണിറ്റുകൾ ആരംഭിക്കാനും കുടുംബശ്രീ ലക്ഷ്യമിടുന്നുണ്ട്. ഓരോ സിഡിഎസിന് കീഴിലുമാകും ഇത്തരത്തിലുള്ള വിപണന കേന്ദ്രങ്ങൾ തുറക്കുക. ഇതുവഴി ആരോഗ്യ പ്രശ്നങ്ങളൊന്നുമുണ്ടാക്കാത്ത കേരള ചിക്കൻ ജനങ്ങളിലേക്കെത്തിക്കുക എന്നതാണ് മുഖ്യലക്ഷ്യം.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ